പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 227 — 01.04.2013-ൽ മറുപടിക്ക്

## സ്കൂൾ കുട്ടികൾക്ക് ഇരുമ്പ് ഗുളിക വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. കെ. ലതിക :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. എ. എം. ആരിഫ് :<br>,, റ്റി. വി. രാജേഷ് : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ സ്കൂൾ കുട്ടികൾക്കെല്ലാം ഇരുമ്പു ഗുളിക വിതരണം ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ടോ ; ഇത് ആരോഗ്യവകുപ്പിന്റെ പഠനങ്ങൾക്ക് ശേഷമാണോ ; | (എ) വിവിധ സംസ്ഥാനങ്ങളിൽ നടത്തിയ വളരെയധികം പഠനങ്ങളിലെ കണ്ടെത്തലുകളെ ആസ്പദമാക്കി കേന്ദ്ര ആരോഗ്യമന്ത്രാലയം അയൺ ഫോളിക് ആസിഡ് പോഷണ പരിപാടി ഇന്ത്യയിൽ മൊത്തത്തിൽ നടത്താൻ തീരുമാനിച്ചതിന്റെ ഭാഗമായാണ് കേരളത്തിൽ ഇത് നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) ഇരുമ്പിന്റെ അപര്യാപ്തത ഇല്ലാത്ത കുട്ടികൾക്ക് ഗുളിക പാർശ്വഫലങ്ങൾ ഉളവാക്കുമെന്ന് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ ; | (ബി) ഇരുമ്പിന്റെ അപര്യാപ്തത ഇല്ലാത്ത ഒരു വ്യക്തി ഇരുമ്പ് അടങ്ങുന്ന ഗുളികകളോ മരുന്നുകളോ സാധാരണ രീതിയിലും ഡോസിലും (eg. daily dosage) കഴിച്ചാലും അത് അധിക അളവിൽ ശരീരത്തിൽ പ്രവേശിക്കുന്നതായോ പാർശ്വ ഫലങ്ങൾ ഉണ്ടാകുന്നതായോ ശാസ്ത്രീയമായ തെളിവുകൾ ഒന്നും തന്നെ ഇല്ല. |
| (സി) എങ്കിൽ അശാസ്ത്രീയമായ മരുന്നു വിതരണം അവസാനിപ്പിച്ച് കുട്ടികളെ പരിശോധിച്ച് ശാസ്ത്രീയമായ രീതിയിൽ ഇരുമ്പുഗുളിക വിതരണം നടത്തുമോ ; | (സി) ബാധകമല്ല. |

(....2)

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതിക്കായി എത്ര തുക നീക്കി വെച്ചിട്ടുണ്ടെന്നും ഈ ഗുളികകൾ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണോ വാങ്ങിയതെന്നും അല്ലെങ്കിൽ അതിന്റെ കാരണവും അറിയിക്കുമോ ? | (ഡി) | ഈ പദ്ധതിക്കാവശ്യമുള്ള അയൺ ഫോളിക് ആസിഡ് ഗുളികകൾക്ക് 3,90,07,920 രൂപയും ആൽബൻഡസോൾ ഗുളികകൾക്ക് 57,68,682 രൂപയും ഉൾപ്പെടെ മൊത്തം 5,72,71,601 രൂപ നീക്കിവെച്ചിട്ടുണ്ട്. മേൽപറഞ്ഞ ഗുളികകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് സംഭരണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ